**ബ്രഹ്മപുരത്ത് സംഭവിച്ചതുപോലെ നഗരത്തിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പ്ലാന്റ് തങ്ങളുടെ ഗ്രാമത്തിൽ വരുന്നതിന്റെ ഭീതിയിലാണ് ഗുരുവായൂർ ക്ഷേത്രനഗരത്തിനടുത്തുള്ള ചക്കംകണ്ടം കായലോര പ്രദേശത്തെ ഗ്രാമീണർ. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കണമെന്ന ആവശ്യമാണ് ഇവിടെയും ഉയർന്നു കേൾക്കുന്നത്.**

## ഗുരുവായൂരപ്പന്റെ കൃപയാൽ
# ചക്കംകണ്ടം ചീഞ്ഞ് നാറുന്നു

എസ്. ശരത്



ഭക്തിയുടെ നിറവ് തേടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തന്റെ എല്ലാ ഭക്തർക്കും (അഹിന്ദുക്കളോട് ഇപ്പോഴും അയിത്തമുണ്ട്) കൃപാകടാക്ഷങ്ങൾ വാരിക്കോരിക്കൊടുക്കുന്ന ഗുരുവായൂരപ്പൻ വലിയൊരു മാലിന്യപ്രശ്നത്തിന്റെ ഉറവിടമായി മാറിയത് ദൈവിക ശക്തിയുണ്ടായിട്ടും അദ്ദേഹം അറിയാതെപോയതോ അതോ അറിഞ്ഞിട്ടും കാണാതെ പോയതോ? ഗുരുവായൂരമ്പലനടയ്ക്ക് പടിഞ്ഞാറ് വശം ചക്കംകണ്ടം എന്ന കായൽ നിറഞ്ഞ് കവിയുകയാണ്. ഗുരുവായൂരിലെ ഓവുചാലുകളിൽ നിന്നും വലിയതോട് വഴി ഒഴുകിയെത്തുന്ന ദ്രവമാലിന്യങ്ങളാണ് ചക്കംകണ്ടം പ്രദേശത്തെയും കായലിനെയും മലിനമാക്കുന്നത്. ഈ ദ്രവമാലിന്യത്തിലേറിയ പങ്കും മലമൂത്ര വിസർജ്ജ്യങ്ങളാണെന്നതിനാൽ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന സാമൂഹിക വിപത്തായി ചക്കംകണ്ടം മാലിന്യ പ്രശ്നം മാറുകയാണ്. 'ഭക്തി ടൂറിസത്തി'ൽ കാശുകൊയ്യാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഗുരുവായൂരിലെ വൻകിട ഹോട്ടൽ, ലോഡ്ജ് ബിസിനസ്സുകാരാണ് ഈ മലമൂത്രമാലിന്യങ്ങളെ ഓവുചാലിലേക്കൊഴുകുന്നത്. മുൻസിപ്പാലിറ്റി നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് ലോഡ്ജുകൾ മുറികളുടെ എണ്ണത്തിനനുസരിച്ച് വലിപ്പമുള്ള സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാതെ, നിറയുന്ന കക്കൂസ് മാലിന്യങ്ങൾ നേരിട്ട് പിവി.സി. പൈപ്പുകൾ വഴി ഓവുചാലുകളിലേക്കൊഴുകുകയാണ്. അഴിമതി ആനുകൂല്യങ്ങളുടെ മറവിൽ പല ലോഡ്ജുകളും സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാതെ ഈ പി.വി.സി. പൈപ്പ് തന്ത്രം ഇപ്പോൾ പ്രയോഗിക്കുന്നുണ്ട്. ദ്രവമാലിന്യങ്ങളായതിനാൽ ഓവുചാലിൽ നിന്നും ഇവ ഒഴുകിയെത്തുന്നത് ഗുരുവായൂരിനേക്കാൾ താഴ്ന്ന പ്രദേശമായ (സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട് 8 അടിയോളം മാത്രം ഉയരം) ചക്കംകണ്ടം കായലിലേക്കാണ്. പുഴയെപ്പോലെ ഒഴുക്ക് പരിചിതമല്ലാത്ത കായലിന് പതിവ് വേലിയേറ്റവും വേലിയിറക്കവും കൊണ്ട് മാലിന്യങ്ങളെ ഒഴുക്കിക്കളയാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. മാലിന്യങ്ങൾ കെട്ടിക്കിടന്ന് ചക്കംകണ്ടം ഇന്നൊരു ദുർഗന്ധഭൂമിയായി മാറിയിരിക്കുന്നു. തൈക്കാട്, പാവറട്ടി പഞ്ചായത്തുകളെയും ചാവക്കാട് മുൻസിപാലിറ്റിയെയും ഉൾക്കൊണ്ടുന്ന കായൽ പ്രദേശങ്ങൾ ഇന്ന് ദുരിതത്തിലാണ്. സമീപത്തുള്ള ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങളായ ചകിരിമൂടലും, കക്കാവാരലും മീൻപിടുത്തവുമെല്ലാം കായൽ മലിനമായതിനെത്തുടർന്ന് അസാധ്യമായിരിക്കുന്നു. വിട്ടുമാറാത്ത രോഗങ്ങൾ ബാധിച്ച് കായലിലെ മത്സ്യങ്ങൾ ചത്തൊടുങ്ങി. ജൈവവൈവിധ്യം നശിച്ചു. കഴിഞ്ഞ 30 വർഷമായി തുടരുന്ന മാലിന്യങ്ങളുടെ ഒഴുക്കിനെ തടയാൻ മുൻസിപ്പാലിറ്റി നടപടികളൊന്നുമെടുത്തിട്ടില്ല. മാലിന്യങ്ങളടിഞ്ഞ് ചക്കംകണ്ടം കായൽ തുറന്ന ഒരു സെഫ്റ്റിക് ടാങ്കായി മാറിയിരിക്കുന്നു. പൊട്ടിപാളിസായ മാലിന്യസംസ്കരണ പദ്ധതികൾ ചീഞ്ഞുനാറുന്ന ഉദാഹരണങ്ങളായി മുന്നിലുണ്ടായിട്ടും മുൻസിപാലിറ്റിക്ക് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് എന്ന പരിഹാരമാർഗ്ഗമാണ് ഗുരുവായൂരിലും മുന്നോട്ട് വയ്ക്കാനുള്ളത്. പ്ലാന്റ് നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തിയത് ചക്കംകണ്ടത്താണെന്നത് അതിലേറെ വിരോധാഭാസമാണ്. ചക്കംകണ്ടത്തെ ചതുപ്പ് നിലത്ത് പ്ലാന്റ് നിർമ്മിക്കാനുള്ള തയ്യാറെടുപ്പിലാണ് ഗുരുവായൂർ മുൻസിപാ

ലിറ്റി. ദ്രവമാലിന്യങ്ങൾക്ക് പുറമെ പ്ലാന്റ് കൂടി യാഥാർത്ഥ്യമാകുന്നതിന്റെ ഭീതിയിലാണ് ചക്കംകണ്ടം കായലിന്റെ ഇരുകരകളിലുമുള്ള 600-ൽപരം വീട്ടുകാർ. പൂർണ്ണ വിജയത്തിലെത്തിയ ഒരു പ്ലാന്റും ചൂണ്ടിക്കാണിക്കാനില്ലാത്ത അധികാരികൾ ചക്കംകണ്ടത്തും ഒരു പരീക്ഷണത്തിന് മുതിരുമ്പോൾ വിളപ്പിൽശാലയും, ബ്രഹ്മപുരവുമൊക്കെ നൽകിയ ചീഞ്ഞുനാറിയ ഓർമ്മകളിൽ നിന്നും പൊതുജനത്തിന് അത്രവേഗം മുക്തരാകാൻ കഴിയില്ലല്ലോ?


പരസ്യമായ നിയമലംഘനമാണ് ഗുരുവായൂരിൽ വൻകിട ലോഡ്ജുകളുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. മലം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ അവർ ഒഴുക്കിവിടുന്നത് ഓവുചാലുകളിലേക്കാണ്. ഓവുചാൽ ഒരു പൊതുസ്ഥലമാണ്. പൊതുസ്ഥലത്ത് മാലിന്യമൊഴുകുന്നത് ഒരു ക്രിമിനൽക്കുറ്റമാണ്. സി.ആർ.പി.സി. ആക്ട് പ്രകാരം തോട്, കുളം, കനാൽ എന്നിവ മലിനമാക്കുന്നതും ക്രിമിനൽക്കുറ്റമാണ്. ആവശ്യാനുസരണം സെപ്റ്റിക് ടാങ്കുകൾ പണിയാതിരിക്കുന്നതും മുൻസിപ്പൽ ആക്ട്പ്രകാരം കുറ്റകരമാണ്. എന്നിട്ടും ഒരു ലോഡ്ജിനെതിരെ പോലും നടപടിയെടുക്കാൻ ഗുരുവായൂർ മുൻസിപ്പാലിറ്റിക്ക് ഇത്രനാളും കഴിഞ്ഞിട്ടില്ല. അതാണ് ഗുരുവായൂരപ്പന്റെ രാഷ്ട്രീയ പിൻബലം. 'ജയ് ഗുരുവായൂരപ്പാ' ഫെയിം കരുണാകരനും, ജയലളിതയും, എടുത്താൽ പൊങ്ങാത്ത സിനിമാതാരങ്ങളും പി.എൻ.സി. മേനോനെപോലുള്ള വമ്പന്മാരും ആനയെ നടയ്ക്കിരുത്തുന്നതിന്റെയും, സ്വർണ്ണവും, വെള്ളിയും, വെണ്ണയും കൊണ്ട് തുലാഭാരത്തിൽ തൂങ്ങുന്നതിന്റെയും പവർ ഗുരുവായൂരപ്പൻ കാണിക്കാതിരിക്കുന്നത് മോശമാണല്ലോ. ഗുരുവായുരപ്പൻ എന്ന് കേൾക്കുന്നതിനേക്കാൾ ഞെട്ടലാണ് ഗുരുവായൂർ ദേവസ്വം എന്ന് കേൾക്കുന്നത്. എത്ര സത്യാഗ്രഹം നടത്തിയാലും ചുരിദാറിട്ടുനടയിൽ കയറിയാലും ഗുരുവായൂർ ദേവസ്വത്തിന് നേരെ ചെറുവിരലനക്കാനുള്ള 'താന്ത്രികജ്ഞാനം' സാധാരണക്കാരന് ഇല്ലാതെ പോയി. ലോഡ്ജ്/ഹോട്ടൽ അസോസിയേഷൻകാരും ഭരണസംവിധാനങ്ങളും തമ്മിലുള്ള ബന്ധം അതിലേറെ ശക്തമാണ്. രാഷ്ട്രീയ പാർട്ടിക്കാർക്ക് പരിപാടികൾ നടത്താൻ സൗജന്യമായി ആഡിറ്റോറിയങ്ങളും, ഭക്ഷണവും, പാട്ടപിരിവിന് അതിരില്ലാത്ത സഹായവും നേതാക്കന്മാരുടെ കുടുംബക്കാർക്ക് കുളിച്ച് നിർമ്മാല്യം തൊഴാൻ എ.സി.മുറിയും ഇവർ കക്ഷി ഭേദമെന്യേ നാളുകളായി നൽകാറുണ്ട്. ഇതിന്റെയൊക്കെ പ്രതിഫലമാണ് സെപ്ടിക്ക് ടാങ്കിൽനിന്നും ഓവുചാലിലേക്ക് രഹസ്യമായി മലം കടത്തുന്ന പി.വി.സി. പൈപ്പ്. ലോഡ്ജുകൾക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്നതിന് പകരം 20 കോടി രുപമുടക്കി ചക്കംകണ്ടത്ത് പ്ലാന്റ് നിർമ്മിച്ച് ഗുരുവായൂരിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ഗവൺമെന്റും, മുൻസിപാലിറ്റിയും, ദേവസ്വം ബോർഡും സംയുക്തമായി ശ്രമിക്കുന്നത്. ഈ 20 കോടി രുപയുടെ പകുതി മതി ഗുരുവായൂരിലെ ലോഡ്ജുകളിൽ

**അടിസ്ഥാന പ്രശ്നം ഗുരുവായൂരിൽ നിന്നും വലിയതോട് വഴി മലമാലിന്യങ്ങൾ ചക്കംകണ്ടം കായലിലേക്ക് ഒഴുകിയെത്തുന്നുവെന്നതാണ്. പക്ഷെ അധികാരികൾ പ്ലാന്റ് നിർമ്മിച്ച്കൊണ്ട് പരിഹരിക്കാൻ പോകുന്നത് ഖരമാലിന്യ പ്രശ്നത്തെയാണ്. അതുതന്നെ അശാസ്ത്രീയവും ഒരിടത്തും വിജയമായിട്ടില്ലാത്തതുമാണ്.**

കൃത്യമായി പ്രവർത്തിക്കുന്ന സെപ്ടിക് ടാങ്കുകൾ നിർമ്മിക്കാൻ. അടിസ്ഥാനപരമായ പ്രശ്നം പരിഹരിക്കാതെയാണ് ഇവരെല്ലാം മാലിന്യ പ്ലാന്റിന് മുറവിളി കൂട്ടുന്നത്. സന്നദ്ധ പ്രവർത്തകരും, ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധ കർമ്മസമിതി പ്രവർത്തകരും പറയുന്നത് മാലിന്യ പ്ലാന്റിന്റെ ഈ അശാസ്ത്രീയതയെപ്പറ്റിയാണ്.

"അടിസ്ഥാന പ്രശ്നം ഗുരുവായൂരിൽ നിന്നും വലിയതോട് വഴി മലമാലിന്യങ്ങൾ ചക്കംകണ്ടം കായലിലേക്ക് ഒഴുകിയെത്തുന്നുവെന്നതാണ്. പക്ഷെ അധികാരികൾ പ്ലാന്റ് നിർമ്മിച്ച്കൊണ്ട് പരിഹരിക്കാൻ പോകുന്നത് ഖരമാലിന്യ പ്രശ്നത്തെയാണ്. അതുതന്നെ അശാസ്ത്രീയവും ഒരിടത്തും വിജയമായിട്ടില്ലാത്തതുമാണ്. സെപ്ടിക് ടാങ്കുകൾ നിർമ്മിക്കാത്ത ലോഡ്ജുകൾക്കെതിരെ നടപടിയെടുക്കാൻ ഗുരുവായുർ മുൻസിപാലിറ്റി ധൈര്യം കാണിക്കുന്നില്ല. ലോഡ്ജുകൾ പലതും മുകളിലേക്ക് മുറികൾ കെട്ടിപ്പൊക്കി വളർന്ന് വരുന്നുണ്ട്. പക്ഷെ സെപ്ടിക് ടാങ്കുകളുടെ വലിപ്പം കൂട്ടുന്നതിനെപ്പറ്റി അവർ ചിന്തിക്കുന്നതേയില്ല. കോളിഫാം പോലെ അതിമാരകമായ ഭൂമിയിലേക്കാഴ്ന്നിറങ്ങുന്ന മാലിന്യങ്ങൾ ചക്കംകണ്ടത്ത് ഇപ്പോഴുണ്ട്. ഇത് നമ്മുടെ കിണറുകളെയും, കുളങ്ങളെയും, മറ്റ് കുടിവെള്ള സ്രോതസ്സുകളെയും വൃത്തിഹീനമാക്കും. ഇതിനെതിരെ ശക്തമായ നിയമയുദ്ധം നടത്താൻ ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധ കർമ്മസമിതി തീരുമാനിച്ചിട്ടുണ്ട്." സാമൂഹിക പ്രവർത്തകനായ സി.എഫ്. ജോർജ്ജ് മാസ്റ്റർ പറയുന്നു. സാമൂഹിക സാമ്പത്തികമായ വളരെയേറെ പ്രശ്നങ്ങളുടെ ചക്കംകണ്ടം നിവാസികൾ എടുത്ത് ചാടിയുള്ള ഒരു ജനകീയ പ്രക്ഷോഭത്തേക്കാൾ വിശ്വസിക്കുന്നത് നിയമയുദ്ധത്തിലാണെന്ന് സന്നദ്ധ പ്രവർത്തകർക്ക് അഭിപ്രായമുണ്ട്. മാലിന്യ പ്രശ്നത്തെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികളുമായി അവർ മുന്നോട്ട് പോവുകയാണ്. ഇത് മുന്നണി ഭരിക്കുന്ന ഗുരുവായൂർ മുൻസിപ്പാലിറ്റിയും, ലോഡ്ജ് ലോബികളും ശക്തമായിത്തന്നെ ഇവരുടെ പ്രവർത്തനങ്ങൾക്കെതിരെ പ്രചരണങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഹോട്ടലുകളിലും, വ്യാപാര കേന്ദ്രങ്ങളിലും കക്കൂ



സും, മൂത്രപ്പുരയും നിർബന്ധമാക്കുമെന്ന് തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഒക്ടോബർ 7-ന് പ്രസ്താവനയിറക്കുകയും നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. ഹോട്ടലുകളിലും കച്ചവടകേന്ദ്രങ്ങളിലും ലൈസൻസ് ലഭിക്കുന്നതിന് കക്കൂസുകളും മൂത്രപ്പുരകളും പ്ലാനിൽ രേഖപ്പെടുത്തുകയും അത് ലഭിച്ചുകഴിഞ്ഞാൽ ആ സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്ന സ്ഥിതിയെപ്പറ്റി അറിഞ്ഞതിനെത്തുടർന്നാണ് മന്ത്രി ഇത്തരമൊരു നടപടി കൈക്കൊണ്ടത്. ഈവിധമൊരു ചികിത്സയാണ് ഗുരുവായൂരിനും വേണ്ടത്. പക്ഷെ നിലനിൽക്കുന്ന രാഷ്ട്രീയ സംവിധാനത്തിൽ പാലോളിയുടെ നിർദ്ദേശമൊക്കെ എത്രത്തോളം മുന്നോട്ട് പോകുമെന്ന് നമുക്ക് കൃത്യമായ ധാരണയുണ്ട്.

മാലിന്യങ്ങൾ എവിടെയാണോ ഉത്ഭവിക്കുന്നത് അവിടെ വച്ചുതന്നെ സംസ്കരിക്കപ്പെടണമെന്ന് ആഗോളപരിസ്ഥിതി ശാസ്ത്രജ്ഞർ നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗമാണ്. ഉറവിടത്തിൽ വച്ച് തന്നെ മാലിന്യങ്ങൾ സംസ്കരിക്കുക എന്ന സംസ്കാരം നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ പ്രാവർത്തികമാക്കേണ്ട ആവശ്യകത ഇന്ന് വർദ്ധിച്ച് വരുന്നു. ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ നിർമ്മിച്ച്, മലിനജലം ശുദ്ധീകരിക്കുന്ന ചെറിയ റീസൈക്കളിംഗ് യൂണിറ്റ് സ്ഥാപിച്ചും വികേന്ദ്രീകൃതമായ മാലിന്യ സംസ്കരണം പ്രാവർത്തികമാക്കേണ്ടതുണ്ട്. ഇതിനൊക്കെ പകരം ഹോട്ടൽ മുതലാളിമാരെ സംരക്ഷിക്കാനായി ഗ്രാമപ്രദേശത്ത് കൂറ്റൻപ്ലാന്റ് സ്ഥാപിക്കാനാണ് ഗുരുവായൂർ മുൻസിപാലിറ്റി തുനിയുന്നത്.

ഗുരുവായൂരിലെ ഭക്തജനത്തിരക്ക് ദിനംപ്രതി വർദ്ധിച്ചു വരുന്നുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ രോഗാണുക്കളെയും വഹിച്ചുകൊണ്ടാണ് ഇവർ ഇവിടേക്കെത്തുന്നത്. മലവിസർജ്യത്തോടൊപ്പം പുറത്തുവരുന്ന ഈ രോഗാണുക്കളെയെല്ലാം ഇപ്പോൾ വഹിക്കുന്നത് ചക്കംകണ്ടം കായലാണ്. പ്ലാന്റ് സ്ഥാപിച്ച് കഴിഞ്ഞാൽ പംബിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഗുരുവായൂരിലെ ദ്രവമാലിന്യങ്ങൾ പ്ലാന്റിലേക്ക് കൊണ്ടുവരുമെന്നാണ് പറയുന്നത്. പക്ഷെ സെപ്ടിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യങ്ങളിൽ ഗർഭനിരോധന ഉറകളും, സാനിറ്ററി നാപ്കിനുകളുമൊക്കെയുള്ളതിനാൽ പംബിംഗ് സ്റ്റേഷനുകളിൽ മാലിന്യങ്ങൾ കുടുങ്ങിപ്പോകുമെന്നാണ് ശാസ്ത്രീയ നിഗമനങ്ങൾ. ബ്ലോക്ക് വന്ന് പംബിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം നിലച്ചാൽ രോഗാണുക്കൾ ലീക്ക് ചെയ്ത് വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകും.

"ഹോട്ടൽ ഉടമകളും രാഷ്ട്രീയ പാർട്ടികളും ചേർന്ന് ഒരു ലോബി ശക്തമായിത്തന്നെ ഞങ്ങൾക്കെതിരെ പ്രവർത്തിക്കുന്നുണ്ട്. സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ.) മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ ദോഷകരമായി ബാധിക്കില്ല എന്ന റിപ്പോർട്ട് ഉണ്ടെങ്കിൽ മാത്രമെ പ്ലാന്റ് നിർമ്മിക്കാൻ പാടുള്ളൂവെന്ന് നിയമം നിലനിൽക്കുന്നുണ്ട്. പക്ഷെ ഇത്തരം പഠനങ്ങളൊന്നും ചക്കംകണ്ടം പ്ലാന്റിന് മേൽ നടന്നിട്ടില്ല. അതുകൊണ്ടുതന്നെ പ്ലാന്റ് നിർമ്മാണത്തെ കോടതി ഉത്തരവ് പ്രകാരം തടയാൻ കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം." ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധ കർമ്മസമിതി പ്രവർത്തകനും അഭിഭാഷകനുമായ എൻ.കെ. ആരിഫ് പറയുന്നു. കേരളത്തിലെ മ്പാടുമുള്ള പരിസ്ഥിതി പ്രവർത്തകരുടെ ശ്രദ്ധയാണ് ചക്കംകണ്ടം വിഷയത്തിൽ ഇപ്പോൾ ഇവർ പ്രതീക്ഷിക്കുന്നത്. മാധ്യമങ്ങളെല്ലാം ഗുരുവായൂർ മുൻസിപാലിറ്റിക്കനുകൂലമായാണ് നിൽക്കുന്നത്. ഗുരുവായൂരിൽ വച്ച് പ്രസ്മീറ്റ് നടത്തിയാൽ പോലും വാർത്ത വരാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്.

കാളിയമർദ്ദനത്തിലൂടെ പണ്ട് കാളിന്ദി നദിയെ രക്ഷിച്ചയാളാണ് സാക്ഷാൽ ഭഗവാൻ ശ്രീകൃഷ്ണൻ. പക്ഷെ ഗുരുവായൂർ എന്ന കോൺക്രീറ്റ് വൃന്ദാവനത്തിൽ ഇന്ന് അദ്ദേഹം ചില വി.ഐ.പി.കൾക്ക് വേണ്ടി മാത്രം 'പ്രത്യക്ഷനാകുന്നു', ചക്കംകണ്ടം പോലെയുള്ള അഴുക്കുചാലുകൾ നിർമ്മിച്ചുകൊണ്ടേയിരിക്കുന്നു. ഭക്തിയുടെ നിറവിൽ മാലിന്യം നിറയ്ക്കുന്ന ഗുരുവായൂരപ്പൻ ലോബികളെ നേരിടാനുള്ള തയ്യാറെടുപ്പിലാണ് ഇന്ന് ചക്കംകണ്ടം നിവാസികൾ.

*സ്കൂൾ ഓഫ് കമ്യൂണിക്കേഷൻസ്,*
*മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം*

ബന്ധങ്ങൾക്ക് : ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധ കർമ്മസമിതി, എം.പി. മനോഹരൻ, ലൈഹംസ സി.എഫ്. ജോർജ്ജ് മാസ്റ്റർ
ഫോൺ : 9446356234

## ഏലൂർ രാസസുരക്ഷാ സംഗമം

ഏലൂർ എടയാർ മേഖലയിലെ വ്യവസായശാലകൾ പെരിയാറിനെ മലിനീകരിക്കുന്നതിനെതിരെ കൺവെൻഷൻ, ചിത്രപ്രദർശനം, സിനിമ, മത്സരങ്ങൾ.

ബന്ധങ്ങൾക്ക് : പുരുഷൻ ഏലൂർ, 9846666955